146

CHARITABLE SOCIETY

# സാന്ത്വനം
## പാച്ചല്ലൂർ

ചാരിറ്റബിൾ സൊസൈറ്റി, രജി.നമ്പർ: TVM/TC.318/2017

# പ്രവർത്തന റിപ്പോർട്ട്



# മുള കരകൗശല ഉൽപന്ന നിർമ്മാണ പരിശീലനം

**2022 നവംബർ 9 -24**

**കിടങ്ങുമ്മൽ, തിരുവനന്തപുരം**

**Sponsored By**

KERALA STATE BAMBOO MISSION

KSBM

## കേരള സ്റ്റേറ്റ് ബാംബൂ മിഷൻ

# പ്രവർത്തന റിപ്പോർട്ട്

അഭ്യസ്ഥ വിദ്യരായ യുവതി-യുവാക്കൾക്ക് വിവിധ തരം സ്വയം തൊഴിൽ പരിശീലന പരിപാടി സംഘടിപ്പിച്ച് അവരെ സ്വയം പര്യാപ്തമാക്കിയും സംരംഭകരാക്കി മാറ്റിയും ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ആശയവുമായി തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സൊസൈറ്റിയാണ് സാന്ത്വനം പാച്ചല്ലൂർ ചാരിറ്റബിൾ സൊസൈറ്റി. വെള്ളനാട് വെളിയന്നൂർ പ്രദേശം കേന്ദ്രീകരിച്ച് ഈറ ഉൽപന്ന നിർമിതിക്ക് ശാസ്ത്രീയമായ അടിത്തറ നൽകുന്നതിന് ഒരു പരിശീലനം നൽകുവാൻ കേരള സ്റ്റേറ്റ് ബാംബൂ മിഷനെ സമീപിച്ച് അപേക്ഷ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 15 പേർ അടങ്ങുന്ന 14 ദിന മുള – കരകൗശല ഉൽപന്നങ്ങളുടെ നിർമ്മാണ പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനുള്ള അനുവാദം ലഭിക്കുകയും ചെയ്തു.



2022 നവംബർ 9–ാം തീയതി ബുധനാഴ്ച രാവിലെ 09:00 മണിക്ക് ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച 14 ദിന ട്രെയിനിംഗ് പരിപാടി വാർഡ് മെമ്പർ ശ്രീ. ശോഭൻകുമാർ അവർകൾ ഉദ്ഘാടനം നിർവഹിച്ചു. സാന്ത്വനം പാച്ചല്ലൂർ ചാരിറ്റബിൾ ട്രസ്റ്റ് പ്രതിനിധി പരിശീലന പരിപാടിയെക്കുറിച്ച് വിശദീകരിക്കുകയും സംരംഭകർ ആകേണ്ടതിന്റെ ആവശ്യകതയെകുറിച്ചും അതിന്റെ ഭാഗമായ് സർക്കാരിൽ

നിന്ന് ഉൾപ്പെടെ ലഭിക്കുന്ന ആനുകൂല്യങ്ങളെ കുറിച്ചും ക്ലാസെടുത്തു.



ട്രെയിനിംഗിന്റെ ആദ്യ മൂന്ന് ദിവസങ്ങളിൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിന്റെ നെയ്ത്തിന് ആവശ്യമായ പൊളി ഈറയിൽ നിന്നും എടുക്കുന്ന തരത്തിലായിരുന്നു പരിശീലനം. ടി മേഖലയിൽ ചെറിയ രീതിയിൽ നെയ്ത്ത് അറിയുന്ന പഠിതാക്കൾക്ക് പൊളി എടുക്കുന്നതിന്റെ ശാസ്ത്രീയ വശങ്ങൾ മനസ്സിലാക്കി കൊടുക്കുകയും അതിന്റെ ടൂൾസിനെ കുറിച്ചും അതിന്റെ ഉപയോഗ രീതിയെകുറിച്ചും ബോധവാന്മാരാക്കി. ഉൽപന്നം കേട് കൂടാതെ ദീർഘനാൾ ഉപയോഗിക്കാൻ പൊളിയുടെ ട്രീറ്റിംഗ് രീതിയെ കുറിച്ചും പഠിപ്പിച്ചു. പരിശീലനത്തിന്റെ നാലാം ദിവസം ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ രീതിയിൽ പൊളിയെ മാറ്റിയെടുത്തു. ഉൽപന്നങ്ങളുടെ നിർമ്മാണ പ്രക്രിയയുടെ ആരംഭം തുടർന്നുള്ള ദിവസങ്ങളിൽ ആരംഭിച്ചു. അഞ്ചാം ദിനം വ്യത്യസ്ഥമായ ചക്രകണ്ണിയുടെ നെയ്ത്ത് പരിശീലനം തുടങ്ങി. വിപണന സാധ്യതയിൽ ഏറ്റവും അധികം ആകർഷകമായതാണ് ചക്രകണ്ണി രീതിയിലുള്ള ഉൽപന്നങ്ങൾഎന്നതിനാൽ പഠിതാക്കൾ ആവേശപൂർവ്വമാണ് ഈ ഉൽപന്നങ്ങളുടെ നിർമ്മാണം പരിശീലിച്ചത്. ബൊക്കെ പോലുള്ള ലളിത രീതിയിൽ നിർമ്മിക്കാൻ കഴിയുന്ന ഉൽപന്നങ്ങളുടെ പരിശീലനമാണ് ആറാം ദിവസത്തിൽ നടന്നത്. ആറാം ദിവസം പൂർത്തിയായപ്പോൾ

പൊളി എടുക്കൽ, ഉൽപ്പന്ന നിർമാണം എന്നിവയുടെ ബേസിക് ഘട്ടം പൂർത്തയായി. പഠിക്കാൻ കഴിയുമോ എന്ന ആശങ്കയിൽ പരിശീലനത്തിന് വന്ന പഠിതാക്കൾക്ക് വളരെ ആത്മവിശ്വാസം ആദ്യ ഘട്ടത്തിൽ വർദ്ധിച്ചു. കൂടുതൽ ഉൽപന്നങ്ങൾ നിർമിക്കാനും താൽപര്യത്തോടെ ക്ലാസുകളിൽ പങ്കെടുക്കാനുള്ള ഉൽസാഹം ആദ്യ ഘട്ടത്തിൽ ഉണ്ടായി.



പരിശീലനത്തിന്റെ രണ്ടാം ഘട്ടമെന്ന നിലയിൽ സൺവീവിംഗ് പാറ്റേണിലുള്ള ഫ്രൂട്ട് ബാസ്കറ്റിന്റെ നെയ്ത്ത് പരിശീലനമാണ് ഏഴും എട്ടും ദിവസങ്ങളിൽ നടന്നത്. നെയ്ത്തിന്റെ മൂന്നാം രൂപമായ $^2/_2$ പാറ്റേണിലുള്ള വീശറി, ടേബിൾ മാറ്റ് എന്നിവ പഠിതാക്കൾ നിർമിച്ച് പരിശീലിച്ചു. നേരത്തെ പഠിച്ച ചക്ര കണ്ണിയുടെ വിപുലമായ രീതിയിലുള്ള പാറ്റേണിൽ നിർമിക്കുന്ന ലാംപ് ഷെയ്ഡാണ് പതിനൊന്ന് പന്ത്രണ്ട് ദിനങ്ങളിൽ പഠിച്ചത്. പതിമൂന്നാം ദിവസം $^2/_2$ നെയ്ത്തിലുള്ള മൊബൈൽ സ്റ്റാന്റും നിർമിക്കാൻ പരിശീലിച്ചു. ഇത് കൂടാതെ പഠിതാക്കളുടെ നവീന ആശയങ്ങളിലുള്ള കുറച്ച് ഉൽപന്നങ്ങളും അധ്യാപകന്റെ സഹായത്തോടെ നിർമിച്ചു. അവസാന ദിനമായ പതിനാലാം ദിവസം ഇതുവരെ നിർമിച്ച എല്ലാ ഉൽപന്നങ്ങളുടെയും ഫിനിഷിംഗും പോളീഷിംഗ് വർക്കുകളും ആയിരുന്നു. സംശയനിവാരണ സെഷനും എല്ലാ ദിനങ്ങളിലും ഉണ്ടായിരുന്നു.



14 ദിന പരിശീലന പരിപാടി സന്ദർശിക്കാൻ കേരള സ്റ്റേറ്റ് ബാംബൂ മിഷന്റെ ഓഫീസിൽ നിന്നും ഉദ്യോഗസ്ഥനായ ശ്രീ. കൃഷ്ണ കുമാർ സർ വരുകയും പഠിതാക്കളുമായി ആശയവിനിമയം നടത്തുകയും ചെയ്തു. നിർമിക്കുന്ന ഉൽപന്നങ്ങൾ വിപണിയിൽ വിൽക്കുന്നതിനും വിവിധ മേളകളിൽ പങ്കെടുക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ ഒരു ക്ലാസിലൂടെ അദ്ദേഹം എല്ലാവർക്കും മനസ്സിലാക്കി കൊടുത്തു. കൃഷ്ണകുമാർ സാറിന്റെ സന്ദർശനം എല്ലാ പഠിതാക്കളിലും വളരെ ആവേശമുണ്ടാക്കി, കൂടാതെ വെള്ളനാട് പഞ്ചായത്തിൽ നിന്നും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പരിശീലന പരിപാടി സന്ദർശിച്ചു.





സമാപന പരിപാടി വെള്ളനാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ശ്രീകണ്ഠൻ ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ ശ്രീ.വി. എസ് ശോഭൻകുമാർ അധ്യക്ഷത വഹിച്ചു. ഫാക്കൽറ്റി ശ്രീ. ഷിബു, സാന്ത്വനം കോർഡിനേറ്റർ ശ്രീ. റാഷിദ്, കുടുംബശ്രീ. എ.ഡി.എസ് ശ്രീമതി സ്മിത എന്നിവർ സംസാരിച്ചു. പഠിതാക്കൾ അവരുടെ അഭിപ്രായങ്ങൾ പറഞ്ഞു. വളരെ മികച്ച രീതിയിൽ പരിശീലനം സംഘടിപ്പിച്ചതിന് സാന്ത്വനം പാച്ചല്ലൂർ ചാരിറ്റബിൾ സൊസൈറ്റിക്കും ഈ പരിശീലനത്തിന് ഫണ്ട് അനുവദിച്ചതിന് കേരള സ്റ്റേറ്റ് ബാംബൂ

മിഷന് എല്ലാവിധ നന്ദിയും അറിയിച്ചു. തുടർന്നും ഇത്തരം പരിപാടികൾ സംഘടിപ്പിക്കണമെന്നും അവർ നിർദ്ദേശിച്ചു. പഠിതാക്കളുടെ കലാപരിപാടിയും സമാപന പരിപാടിയിൽ ഉണ്ടായിരുന്നു. പങ്കെടുത്ത അതിഥികൾക്ക് പഠിതാക്കൾ നിർമിച്ച ഉൽപന്നങ്ങൾ ഉപഹാരമായി നൽകി. 2022 നവംബർ 9-ാം തീയതി ആരംഭിച്ച 14 ദിന മുള കരകൗശല ഉൽപന്ന നിർമ്മാണ പരിശീലനം നവംബർ 24-ാം തീയതി വൈകുന്നേരം 6.00 മണിക്ക് ദേശീയ ഗാനത്തോടെ സമാപിച്ചു.

